‘പച്ച ഇല്ല’
സംവേദനത്തിലെ ‘പച്ച’

സച്ചിദാനന്ദൻ, വി. ആർ. സന്തോഷ്

പച്ച ഇല്ല, 'പച്ച ഇല്ല' സംവേദനത്തിലെ 'പച്ച'
സച്ചിദാനന്ദൻ, വി. ആർ. സന്തോഷ്
(മലയാളം: കവിത, കവിതാ പഠനം)

© 2021, K. Satchidanandan (for poem),
V. R. Santhosh (for article)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Paul klee, a painting by Sailko. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

പച്ച ഇല്ല

ഒരു സെൽഫ്-ക്വാറന്റീൻ ഡയറി

സച്ചിദാനന്ദൻ

പത്ത് ഇന്റെ പത്ത്
ഇതാണ് നരകത്തിന്റെ അളവ്
നരകത്തിന്റെ ചുവരുകൾക്ക്
ഇളംമഞ്ഞനിറമാണ്.
ചുവരിൽ ഒരു ചിത്രമുണ്ട്.
അതിന്റെ നിറങ്ങൾ കണ്ടാൽ
സൂര്യൻ ഇപ്പോൾ ഉദിക്കും എന്ന് തോന്നും
പക്ഷേ, ഉദിക്കില്ല.
അത് ഒരു അമൂർത്തചിത്രം മാത്രമാണ്.
ഒരു ചലനവും അനുവദിക്കാത്തത്.

എട്ട് ഇന്റെ എട്ട്
ചുവരുകൾ ചുകപ്പ്
ഒരു ജനലുണ്ട്. പണ്ട് അതിലൂടെ
നോക്കിയാൽ കുട്ടികൾ കളിക്കുന്നത്
കാണാമായിരുന്നു, പക്ഷേ,
അവർ കളിക്കുന്നത് നിർത്തിയിരിക്കുന്നു.
ആകാശം അവിടെത്തന്നെയുണ്ട്
അതിൽ പകൽ ചാരനിറമുള്ള പക്ഷികളും
രാത്രി ക്ഷണികനക്ഷത്രങ്ങളും വന്നുപോകുന്നു.
മഴവില്ലുകൾ ഇയ്യിടെ വരാറില്ല.

ആറ് ഇന്റെ ആറ്
ചുവരുകൾ നീല
മേശപ്പുറത്ത് വെള്ളമുണ്ട്;
പകുതി വായിച്ച ഒരു പുസ്തകത്തിലെ
പകുതി പെയ്ത മഴയും.
ഞാനിപ്പോൾ ജീവിക്കുന്നത്
നിഴലുകളുടെ ലോകത്തിലാണ്.
അവ സംസാരിക്കുന്നു, അവയോട് ഞാനും.
ചിലപ്പോൾ കവിതപോലും ചൊല്ലാറുണ്ട്.
നിഴലുകളോട്,
നിഴലുകളെക്കുറിച്ച്,
നിഴലുകളുടെ ഭാഷയിൽ എഴുതിയവ.

നാല് ഇന്റെ നാല്
വാർത്തകൾ സ്ക്രീനിൽ
വരാറുണ്ട്, പൂക്കളില്ലാത്ത വാർത്തകൾ.
പൂക്കളെല്ലാം വാക്കു കിട്ടാതെ
മരിച്ചവർക്ക് നൽകി.
ഗാസയിലെ കൊല്ലപ്പെട്ട
കുട്ടികൾക്കുപോലും നൽകാൻ
പൂക്കളോ വാക്കുകളോ ഇല്ല.
കണ്ണുനീരിന്റെ ഉറവകളോ,
ഭൂഗർഭജലത്തോടൊപ്പം വറ്റിപ്പോയി.



രണ്ട് ഇന്റെ രണ്ട്
ചുവരുകൾ തവിട്ടുനിറം
ഇവിടെ എനിക്ക് സുഖമാണ്.
നിങ്ങൾക്കും സുഖമെന്ന് വിശ്വസിക്കുന്നു.
ജനലുള്ളവർ ഭാഗ്യവാന്മാർ.
ജയിലുകൾ രാജ്യസ്നേഹികളാൽ
നിറഞ്ഞിരിക്കുന്നു.
എനിക്ക് അവിടെയും സ്ഥലമില്ല.

ഒന്ന് ഇന്റെ ഒന്ന്
ചുവരുകൾ കറുപ്പ്.
ഇരുട്ട് കനക്കുന്നു, അതു
പതുപതുത്തിരിക്കുന്നു.
അതിൽ പ്രാണവായു കുറഞ്ഞുവരുന്ന
പുസ്തകങ്ങൾ ഇപ്പോൾ എന്നെ
ആകർഷിക്കുന്നില്ല
ജീവിതം, അത്ര പോലും.

ഡ്രോയിങ്: വി. ആർ. സന്തോഷ്

‘പച്ച ഇല്ല’ സംവേദനത്തിലെ ‘പച്ച’

വി. ആർ. സന്തോഷ്

ഒന്ന്

കവിത നിരവധി സംവേദനങ്ങളുടെ ശരീരമാണ്. അതിന് ശിരസുണ്ട്, ഉടലുണ്ട്, തലച്ചോറും ഹൃദയവുമുണ്ട്. ആവശ്യമുള്ളവർക്ക് ഏതു വേണമെങ്കിലും എടുക്കാം. സന്ദർഭാനുസരണം മാറ്റുകയും ചെയ്യാം. എങ്കിലും ഒരൊറ്റ വഴിയിൽ അതിനെ നിർത്തരുത്. അതിനെ അതിന്റെ വഴിക്ക് പോകാൻ അനുവദിക്കുക. അതിന് എവിടെയും സംവേദനമുണ്ട്. അത് വിവിധ ഇടങ്ങളിൽ വിവിധ ശരീരങ്ങളിൽ വ്യത്യസ്തമായിരിക്കും. അതിന് ഒരു പേരുണ്ടെങ്കിലും പ്രത്യേകതകൾ അനുസരിച്ച് വിഘടിക്കുന്നു. ഈ വിഘടനമാണ് വിഷയത്തിലേയ്ക്ക് എത്തിക്കുന്നത്. ചിലപ്പോൾ അത് തന്നെ വിഷയമായി മാറാം. ചിലപ്പോൾ അതിന്റെ ആദ്യ വാക്ക്. ചിലപ്പോൾ കവിതാ ഘടന, അതല്ലെങ്കിൽ അതിലെ അദൃശ്യത. ചിലപ്പോൾ അത് ദൃശ്യപ്പെടുത്തുന്ന ഒറ്റപ്പെടൽ. അതല്ലെങ്കിൽ അതിൽ നിന്നു പ്രസരിക്കുന്ന ആസക്തികൾ. അല്ലെങ്കിൽ ദർശനാഭിമുഖ്യം. ഓരോരുത്തർ എന്തുകൊണ്ടാണോ അഭിമുഖീകരിക്കുന്നത് അതിനനുസരിച്ച് ആ കവിത (കലാനിർമ്മിതി) അവർക്കു മുന്നിൽ നിൽക്കും. അത് കവി (നിർമ്മിതിക്കാരൻ) അഭിമുഖീകരിച്ചത് ആയിരിക്കണമെന്നില്ല. കവി അഭിമുഖീകരിച്ച ഏതെങ്കിലും സംവേദനമായിരിക്കാം അത്. സംവേദനത്തിന്റെ ഏതെങ്കിലും ഒരു തുള്ളി. അത് വായനക്കാരിലെത്തുന്നുവെങ്കിൽ വായനക്കാരിൽ ആ കവിത സംവേദിച്ചു തുടങ്ങി എന്നാണ് മനസ്സിലാക്കേണ്ടത്. ‘നളിനി’ എന്നു കേൾക്കുമ്പോൾ കുമാരനാശാന്റെ നളിനി മനസ്സിലെത്തുകയാണെങ്കിൽ നളിനിയിൽ പ്രവേശിച്ചു തുടങ്ങിയെന്നാണ്. ‘കണ്ണീർപ്പാടം’ എന്നു കേൾക്കുമ്പോൾ വൈലോപ്പിള്ളിയുടെ കണ്ണീർപ്പാടം ഓർക്കുകയാണെങ്കിൽ ആ കവിതയിലേയ്ക്കെത്തിയെന്നും ‘ബംഗാൾ’ എന്നു ചിന്തിക്കുമ്പോൾ അത് കെ ജി എസ്സിന്റെ കവിതയാണെന്ന ബോധമുദിക്കുകയാണെങ്കിൽ ആ കവിതയിലേയ്ക്കു വഴി തുറന്നെന്നും ഗുലാം അലിയുടെ ‘ഗസൽ’ കേൾക്കുമ്പോൾ ദൈവത്തിന്റെ ചിത്രമില്ലാത്ത മുറി എന്ന വരി ഓടിയെത്തുകയാണെങ്കിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഗസലിലേയ്ക്കും എത്തിത്തുടങ്ങിയെന്നാണു കരുതേണ്ടത്.

ഈ രീതിയിൽ കവിത ദൃശ്യവും അദൃശ്യവുമായി നമ്മോടൊപ്പമുണ്ട്. പക്ഷേ, അത് നമ്മളോട് എങ്ങനെ സംവേദിക്കുന്നു? എപ്പോൾ? എവിടെ വച്ച്? എപ്രകാരം? എന്നു മാത്രമേ ആലോചിക്കേണ്ടതുള്ളൂ. എപ്പോൾ വേണമെങ്കിലും അതുണ്ടാകാം. ചിലപ്പോൾ ഒരു കരച്ചിൽ കേൾക്കുമ്പോഴാകാം. ജോലി ചെയ്ത് അവശനായി യാത്ര ചെയ്യുമ്പോഴാകാം. അതല്ലെങ്കിൽ സിനിമ കാണുമ്പോൾ പശ്ചാത്തല സംഗീതത്തിന്റെ വൈകാരികതയിൽ നിന്നാകാം. അല്ലാതെ ആ കവിതയിൽ പ്രവേശിക്കുമ്പോൾ ആകണമെന്നില്ല. കലാനിർമ്മിതി എന്ന നിലയ്ക്ക് എപ്പോഴും കവിതയ്ക്ക് സംവേദിക്കാനാകും. സ്വയം നിർമ്മിച്ചെടുക്കുന്ന അന്തരീക്ഷത്തിലാണത് സംഭവിക്കുന്നത്. അല്ലാതെ (വെറും) സ്വകാര്യ അന്തരീക്ഷത്തിലല്ല. എഴുത്തും സംവേദനവും സ്വകാര്യ അന്തരീക്ഷത്തിന്റെ സൃഷ്ടി എന്ന് പഴയ രീതിയിൽ പറഞ്ഞിരുന്നത് കലാനിർമ്മിതികാരനും ദൈവവും തമ്മിൽ (നിർമ്മിതിയുടെ കാര്യത്തിൽ) ഒന്നാണെന്നുള്ള പരിവേഷത്തിലാണ്. ആ പരിവേഷം ഇന്നില്ല. പുനരുല്പാദനം പോലും ലാബോറട്ടറികളിൽ സാദ്ധ്യമാകുന്ന ഇക്കാലത്ത് കലാനിർമ്മിതികളും ആ രീതിയിൽ സാദ്ധ്യമാണ്. ഈ രീതിയിൽ നിർമ്മിതി സാദ്ധ്യമെങ്കിൽ ആസ്വാദനവും സാദ്ധ്യമാണ്. അതാണ് സംവേദനത്തിലെ ഇന്നത്തെ വഴി. സന്ദർഭോചിതം. അങ്ങനെ ചിന്തിക്കുമ്പോൾ ഭൂതകാലത്തെ മാത്രം അഭിസംബോധന ചെയ്യേണ്ടി വരില്ല. ഭാവിയെ സൗന്ദര്യപ്പെടുത്തേണ്ടിയും വരില്ല. വർത്തമാനത്തെ സസൂക്ഷ്മം വീക്ഷിക്കാം. ദുരന്തങ്ങളേയും മഹാമാരികളേയും നേർക്കുനേർ കാണാം. അതിന്റെ സംവേദനത്തെ നിർമ്മിതിയുമാക്കാം. സച്ചിദാനന്ദൻ അത്തരം സംവേദനം നിർമ്മിക്കുകയാണ് ‘പച്ച ഇല്ല ഒരു സെൽഫ് ക്വാറന്റീൻ ഡയറി’യിൽ.

മഹാമാരിയാണ് കവിതയെ അഭിമുഖീകരിക്കുന്നത്.

മഹാമാരിയിലെ ക്വാറന്റീൻ അനുഭവം ലോകവ്യാപകമാണ്. അത് അനുഭവിച്ചവരും അനുഭവിക്കാനിരിക്കുന്നവരും മഹാമാരിയുടെ സൂക്ഷ്മ യാഥാർത്ഥ്യം അറിയുന്നുണ്ട്. ആ അറിവ് ഓരോരുത്തർക്കും പലതാണ്. എങ്കിലും കോവിഡ് ഒരു സിരാപടലം പോലെ നമ്മെ ചുറ്റി നിൽക്കുന്നു; ലോകം നരകമായ്. നരകത്തിന്റെ വീതിയും നീളവും പത്ത് ഇന്റു പത്ത് എന്ന അളവിൽ. അങ്ങനെ നരകം അതിന്റെ അളവിൽ ഓരോ ജീവിയേയും ഒതുക്കുന്നു. അത് ഒരു മുറിയുടെ വിസ്താരമാണ്. സ്വാഭാവികമായും കോവിഡ് ബാധിതരുടെ പ്രപഞ്ച വിസ്താരം. ആ പ്രപഞ്ചത്തിൽ ചുരുങ്ങി ചുരുങ്ങി കോവിഡ് ബാധിതർ സ്വയം നരകമായിത്തീരുന്നു. ഈ രീതിയിൽ പ്രപഞ്ചം നരകമായാലോ? ആ നരകത്തിൽ ഒരു മുറി മാത്രം ലഭിച്ചാലോ? ആ മുറിയിലെ സാഹചര്യം എന്തായിരിയ്ക്കും? അതെങ്ങനെ ബാധിക്കും? എങ്ങനെ ആ മുറി ലോകത്തെ കാണിക്കും? അതാണ് സച്ചിദാനന്ദൻ ‘പച്ച ഇല്ല’യിൽ വെളിപ്പെടുത്തുന്നത്. രോഗാവസ്ഥ ജീവികളെ നരകത്തിലെത്തിക്കുമെന്ന വസ്തുത നിലനിൽക്കുന്നതിനാൽ ഈ കവിത ആ അവസ്ഥയിലേയ്ക്കു തിരിയുന്നു. നരകമങ്ങനെ രോഗാവസ്ഥയായി മാറുന്നു. അത് ലോകത്തിലെ എല്ലാവർക്കുമായി മുറി തുറക്കുന്നു. അടഞ്ഞ മുറി. അടഞ്ഞ മുറിയിലെ ചലനമില്ലായ്മ തന്നെ രോഗാതുരതയെ സംവേദിപ്പിക്കുന്നു. ഇളം മഞ്ഞ നിറമുള്ള ചുവരും അതിൽ സൂര്യൻ ഉദിയ്ക്കുമെന്ന നിലയിലുള്ള അമൂർത്ത ചിത്രവും നരകം നൽകുന്ന വേദനയ്ക്കു തുല്യമാകുന്നു. മദ്ധ്യകാലഘട്ടത്തിൽ നരകമെന്നത് അക്കാലത്തെ ജീവിതത്തിന്റെ പൊള്ളലും വേദനയുമായിരുന്നുവെന്ന് ‘നരക’ ചിത്രങ്ങളിലൂടെ വില്യം ബ്ലേയ്ക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. അക്കാല സംഭവങ്ങളിൽ നിന്ന് വ്യത്യസ്തമാണെങ്കിലും, ആ സംവേദനത്തിന്റെ വ്യസന വ്യാപനങ്ങളാണ് പച്ച ഇല്ലാതാകുന്നതിലൂടെ പകരുന്നത്.

രോഗാവസ്ഥ, നരകം നൽകുമ്പോൾ അതുവരെയുണ്ടായിരുന്നവയിൽ പ്രത്യേകതയുള്ളതായിരിക്കും അന്വേഷിക്കുക. അതും ആനന്ദം നൽകിയവ. ആ അന്വേഷണത്തിൽ ദുരന്തങ്ങളൊഴിച്ചുള്ളതെല്ലാം പച്ചപ്പുള്ളതായിരിക്കും. പച്ച അങ്ങനെ പ്രകൃതിയുടെ പച്ച എടുത്ത് എല്ലാറ്റിനേയും പച്ചപ്പുള്ളതാക്കി മാറ്റും. ആ പച്ചയാണ് രോഗാതുരതയിൽ അന്വേഷിക്കുന്നത്. അതിന്റെ അറ്റം ചേർന്ന തണുപ്പ് വറ്റിപ്പോയിരിക്കുന്നുവെന്ന് അറിയുന്നിടത്താണ് പച്ചയുടെ സംവേദനമുണ്ടാകുന്നത്. ആ സംവേദനം നരകത്തിലെവിടെയാണുണ്ടാകുക?

നരക ദർശനം ജീവിതദർശനമാകുന്നിടത്താണ് പച്ചയെ ദർശിക്കാൻ തുടങ്ങുക. നരകം നൽകുന്ന ദുരന്തമാണ് പച്ചയെ സംവേദനക്ഷമമാക്കുന്നതും. അല്ലെങ്കിൽ പച്ചയെക്കുറിച്ച് ആലോചിക്കേണ്ട ഒരാവശ്യവും വരില്ല. ജീവിതത്തിലും ജീവിത പരിസരത്തും പച്ചപ്പുണ്ടെങ്കിൽ പിന്നെ എന്തിനാണ് അതിന്റെ ആവശ്യം? അത് ജീവിതത്തെ അതിന്റെ പ്രസരിപ്പിനാൽ സമ്പുഷ്ടമാക്കും. എന്നാലിവിടെ പച്ചയുടെ സാന്നിദ്ധ്യം പ്രകടിപ്പിക്കാത്തതു കൊണ്ട്, ഈ കവിത പച്ചയുടെ സംവേദനം തന്നെയാണെന്നു പറയാം.

ആറു ചെറു ഭാഗങ്ങളാണ് ഈ കവിതയ്ക്കുള്ളത്. ‘പത്ത് ഇന്റു പത്ത്,’ ‘എട്ട് ഇന്റു എട്ട്,’ ‘ആറ് ഇന്റു ആറ്,’ ‘നാല് ഇന്റു നാല്,’ ‘രണ്ട് ഇന്റു രണ്ട്,’ ‘ഒന്ന് ഇന്റു ഒന്ന്’. പത്തിൽ നിന്ന് ഒന്നിലേയ്ക്ക് ചുരുങ്ങി സമൂഹ ജീവിതം ഇല്ലാതാകുന്ന ഒന്നെന്ന അവസ്ഥ. അത് ബയോപൊളിറ്റിക്സിന്റെ ശോഷണം കൂടിയാണ്. അങ്ങനെ ലോക വ്യാപകമായി രോഗാതുരത മനുഷ്യബന്ധങ്ങളെ ചുരുക്കി എല്ലാ പ്രവർത്തനങ്ങളും ഒരു കേന്ദ്രത്തിൽ എത്തിച്ചിരിക്കുകയാണ്. ഇത് ബഹുത്വം അനിവാര്യമല്ലെന്ന് വരുത്തിയിരിക്കുന്നു. സമൂഹം അതിന്റെ ഘടനയിൽ ശോഷിച്ച് വ്യക്തി ക്രിയാത്മക ശേഷി ഇല്ലാത്തതായി മാറിയിരിക്കുന്നു. ഇതിപ്പോൾ വ്യക്തിയുടെ ഉടലിലും മനസ്സിലും പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ സ്വയം ഓഷ്വിറ്റ്സുകളോ അസൈലങ്ങളോ ആയിത്തീർന്നിരിക്കുന്നു. പത്തിൽ നിന്ന് ഒന്നിലേക്കെത്തുന്ന ഈ പ്രവണത അത്തരം നൈരാശ്യങ്ങളെയാണ് ഉണർത്തുക. അത് സ്വയം കുറച്ച് കുറച്ച് ഇല്ലാതാകും. അത് ശ്വാസത്തിന്റെ ഗതി പോലെയാണ്. പത്തിൽ നിന്ന് എട്ടിലെത്തുമ്പോൾ ലോകത്തിന്റെ വിന്യാസങ്ങൾ അതേ രീതിയിൽ തന്നെയുണ്ടെങ്കിലും നമ്മുടെ സന്തോഷങ്ങൾ കുറയുകയാണ്. ആകാശം, പകൽ, രാത്രികൾ ഉണ്ടെങ്കിലും ആനന്ദത്തിന്റെ ഏഴ് അഴകുകൾ അവിടെ ഇല്ലാതാകുന്നു. ‘മഴവില്ലുകൾ’ പെട്ടെന്നു വന്ന് മായുമെങ്കിലും അത് മനസ്സിനെ സന്തോഷത്തിലെത്തിക്കുന്നതാണ്. അല്പമാത്രയെങ്കിലുമുണ്ടാകുന്ന ആ സംവേദനം മറ്റെല്ലാ ദുരന്തങ്ങളേയും ഇല്ലാതാക്കി ജീവിതത്തിന്റെ പച്ചപ്പിനെ പുറത്തെടുക്കുന്നു. പക്ഷേ, ആ പച്ചപ്പ് എവിടെ? ആ ചോദ്യമാണ് കവിതയുടെ അടുത്ത ഭാഗത്തിലെത്തിക്കുന്നത്.

ആറ് ഇന്റു ആറിൽ. അവിടെ നിഴലുകൾ ആണ് കൂട്ടിനുള്ളത്. ആ നിഴലുകളോടാണ് നിഴലുകളുടെ ഭാഷയിൽ എഴുതിയ കവിത പോലും ചൊല്ലുന്നത്. അങ്ങനെ ആറ് ഇന്റു ആറ് മരണത്തിന്റെ നീളമാകുന്നു. മരിച്ചവന്റെ ഭാഷ, മരിച്ചവന്റെ കൂട്ട് നിഴലുകളല്ലാതെ എന്താണ്? ആറ് ഇന്റു ആറ് അങ്ങനെ മരണ (ആറടിമണ്ണ്) സംവേദനമാകുന്നു. അദൃശ്യമായ പച്ചപ്പിനെ എന്ന പോലെ അദൃശ്യമായ മരണത്തേയും ഈ രോഗാതുരത വെളിവാക്കുന്നു. ആ രോഗാതുരത മരണമില്ലാത്ത ലോകത്ത് ജീവിതത്തിന്റെ പച്ചപ്പിനെക്കുറിച്ച് ചിന്തിക്കുന്നു. എന്നാൽ സെൽഫ് രോഗാതുരമാണ്. അതിന് ഭൗതീകലോകത്തേയ്ക്ക് എത്താൻ പ്രസരിപ്പുകൾ ആവശ്യമാണ്; പച്ചപ്പിന്റെ സംവേദനം. അത് ആരോഗ്യപരമായ അവസ്ഥയിൽ നിന്നു മാത്രമേ ഉണ്ടാകൂ. നിലനില്ക്കുന്ന അവസ്ഥയെ വിഭജിച്ച കൊണ്ട് യാഥാർത്ഥ്യത്തെ അഥവാ സൂക്ഷ്മ യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞാലേ അതു സംഭവിക്കൂ. യാഥാർത്ഥ്യം രോഗാതുരവും ക്രൂരതകളും നിറഞ്ഞതാണെങ്കിലോ? അത് പൂക്കളില്ലാത്ത വാർത്തകളായി കണ്ണുനീരിന്റെ ഉറവകളില്ലാതെ ഭൂഗർഭ ജലത്തോടൊപ്പം വറ്റിപ്പോകും. ഈ കവിതയിലെ നാല് ഇന്റു നാല് സൂചിപ്പിക്കുന്നത് അതാണ്. മരിച്ചവർക്ക് വാക്കുകളെല്ലാം നൽകി കഴിഞ്ഞിരിക്കുന്നു, നമ്മുടെ രോഗാതുരത. അതിനാൽ ക്രൂരതയുടെയും രാജ്യതാല്പര്യത്തിന്റെയും പേരിൽ ക്രൂരമായി കൊല്ലപ്പെടുന്ന കുഞ്ഞുങ്ങൾക്കു (ഗാസയിലെ കുട്ടികൾക്ക്) പോലും നൽകാൻ വാക്കുകളോ പൂക്കളോ ഇല്ലാതാകുന്നു. ഒരു ഭാഗത്ത് രോഗവും മറുഭാഗത്ത് മതത്തിന്റെയും ജാതിയുടെയും പേരിൽ ക്രൂരത അരങ്ങേറുമ്പോൾ നിശബ്ദമായിപ്പോകുന്ന നമ്മുടെ ബോധത്തെ പച്ചയായി അറിയിക്കുകയാണിവിടെ.

നമ്മുടെ സംവേദനങ്ങളിൽ ആ പച്ചപ്പിന്റെ മിടിപ്പുണ്ടെന്നും അത് നമ്മുടെ നോട്ടങ്ങളെ സജീവമായി നിലനിർത്തുന്നുണ്ടെന്നും ഓർമ്മപ്പെടുത്തുന്നു. ആ ഓർമ്മപ്പെടുത്തലിലും സ്വയം പുറത്താക്കപ്പെട്ടുന്നവനാണ് (എവിടെ നിന്നും) താനെന്ന് സ്വയം അറിയുന്നു. രോഗാതുരനായിരിക്കുന്നതിനാൽ കഠിന തടവിലാക്കപ്പെടുന്ന പോലെ ജനലില്ലാത്ത ലോകത്താണ്. ജയിലുകൾ രാജ്യസ്നേഹികളാൽ നിറയ്ക്കപ്പെട്ടിരിക്കുന്നതിനാൽ (രാജ്യസ്നേഹം എന്നത് വിമർശനാത്മകമായിട്ടാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്) അവിടെയും സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു. താൻ ആരെന്ന് സ്വയം ചോദിക്കുന്ന വേദനാജനകമായ അവസ്ഥയെയാണ് രണ്ട് ഇന്റു രണ്ട് സൂചിപ്പിക്കുന്നത്. അതിൽ നിന്നു തന്നെ തനിക്ക് ജീവിതത്തിന്റെ പച്ചപ്പ് ആവശ്യമെന്നു വരുന്നു. തന്നെപ്പോലെ അനാഥർക്കും ആ പച്ചപ്പ് ആവശ്യമെന്ന സംവേദനവും ഇവിടെ കൈമാറുന്നുണ്ട്. എങ്കിലും ലോകം പൂർണ്ണമായും രോഗത്തിന്റെ കയ്യിലും മിക്കവാറും രാജ്യങ്ങൾ രാജ്യസ്നേഹികളുടെ കൈകളിലുമാണുള്ളത്. രോഗം അധികാരത്തിന്റെ കൈകളിലും അധികാരം ഈ രാജ്യസ്നേഹികളുടെ കൈകളിലുമായിരിക്കുമ്പോൾ അവിടെ എവിടെയാണ് സ്വതന്ത്രമായി കഴിയുക? ഇതിൽ നിന്നാണ് കവിതയുടെ ആറാം ഭാഗമായ ഒന്ന് ഇന്റു ഒന്നിലെത്തുന്നത്. അവിടെ കറുപ്പും ഇരുട്ടുമാണുള്ളത്. പ്രാണവായു കുറഞ്ഞിരിക്കുന്നു. പുസ്തകം (ജ്ഞാനങ്ങൾ) ആകർഷിക്കാതെ ആയിരിക്കുന്നു. ജ്ഞാനമില്ലാത്ത ലോകത്ത് എന്താണ് ആകർഷകമായിരിക്കുക? അവിടെ നിന്ന് തിരസ്കൃതമാകുന്നത് എന്തൊക്കെ ആയിരിക്കും? സത്ത എന്ന നിലയിൽ എന്തൊക്കെ ആഗ്രഹിക്കുന്നുവോ അതെല്ലാം തിരസ്കരിക്കപ്പെടും. സ്വയം അജൈവമായി തീരും. അതു കൊണ്ടാണ് ജീവിതം, അത്ര പോലും ആകർഷിക്കുന്നില്ലെന്ന് പറയേണ്ടി വരുന്നത്. പച്ച ഇല്ലാത്തിടത്ത് എന്താണ് ജീവിതം? ജീവിതം, അത്ര പോലും അവിടെ ഉണ്ടാകില്ല. അതു കൊണ്ടു തന്നെ പച്ച ഇല്ല—ജീവിതം, അത്ര പോലും എന്ന് ചേർത്തുവായിക്കുമ്പോളാണ് ഈ കവിതയിൽ പച്ചയുടെ പ്രസക്തിയും സംവേദനവും ആരംഭിക്കുന്നത്.

രണ്ട്

നിറങ്ങളുടെ കവിതയാണ്—പച്ച ഇല്ല. ഇളം മഞ്ഞ, ചുകപ്പ്, നീല, തവിട്ട്, കറുപ്പ്, ചാര എന്നിങ്ങനെ നിറങ്ങൾ ഈ കവിതയിൽ പൂണ്ടു നിൽക്കുന്നുണ്ട്. ഈ നിറങ്ങൾ അടുത്തടുത്തു വച്ചു നോക്കിയാൽ അസ്വസ്ഥത തോന്നും. ഈ അസ്വസ്ഥത ജീവിതത്തിലുള്ളതാണെങ്കിലോ? ആ അസ്വസ്ഥതയോടൊപ്പം ഈ നിറങ്ങൾക്കൂടി ചേർന്നാലോ? അതാണ് കവിതയെ ഒന്നു കൂടി അസ്വസ്ഥമാക്കുന്നത്. ഈ നിറങ്ങൾ ഓരോന്നും നമ്മെ വൈകാരിക പ്രതിസന്ധികളിൽ എത്തിക്കാൻ ശേഷിയുള്ളവയാണ്. അവ ഒരുമിച്ചു വന്നാൽ ആ പ്രതിസന്ധി എന്തായിരിക്കുമെന്ന് കണക്കാക്കിയാൽ തന്നെ അവയുടെ ചേർച്ച മനസ്സിലാകും. ഈ നിറങ്ങളുടെ ചേർച്ചയാണ് പച്ചയെ സംവേദനക്ഷമമാക്കുന്നത്. ഈ നിറങ്ങൾ പരസ്പരം ചേർന്നാൽ മരണത്തിന്റെ നിറമെന്നു പറയുന്ന കറുപ്പിലേയ്ക്കാണെത്തുക. കറുപ്പ് എല്ലാ നിറങ്ങളേയും ഒന്നാക്കുന്നു. ഒന്നിലേയ്ക്കുള്ള യാത്രയിൽ ജീവിതം അത്ര പോലും പച്ചപ്പില്ലാത്തതാകും. അപ്പോൾ പച്ചപ്പിനെ അറിയുക എന്ന മാർഗ്ഗമല്ലാതെ മറ്റൊന്നും ഇല്ല. ആ നിമിഷമാണ് ദുരന്തങ്ങളിൽ പച്ചയായി മാറുക. പച്ച എന്നത് നിറമായി കണ്ടാൽ ഈ കവിതയുടെ സൂക്ഷ്മ യാഥാർത്ഥ്യത്തിൽ എത്തിച്ചേരാൻ കഴിയില്ല. അതിൽ ശരീരവും തലച്ചോറും ചേരേണ്ടതുണ്ട്. അങ്ങനെ അനുഭവങ്ങളുടെ സംവേദനമായി തീരേണ്ടതുണ്ട്. പച്ച ഒരു നിറം മാത്രമായി സങ്കല്പിച്ചാൽ അത് പ്രകൃതിയെക്കുറിച്ചുള്ള പൊതുധാരണയിലാണെത്തുക.

ആ പച്ചപ്പിൽ ആശ്വാസത്തിന്റെ കണ്ണുകളാണു പതിയുക. അതിൽ ആശ്വാസം കണ്ടെത്തും. അതുവരെ ഉണ്ടായിരുന്ന വിഷമതകൾ അവിടെ വച്ചു പോരുകയും ചെയ്യും. പച്ച നമ്മുടെ ഉള്ളിൽ പുതിയ സംവേദനമുണ്ടാക്കുകയും നാം മറ്റൊരു പ്രവൃത്തിയിലേയ്ക്കു കടക്കുകയും ചെയ്യും. അതു വഴി പച്ച എന്നത് ഉണർവ്വും പുതു ചിന്തയുമായി മാറുന്നു. രോഗത്തിൽ നിന്നു രക്ഷപ്പെടാനുള്ള പുതു ചിന്ത. അഥവാ ശരീരവും മനസ്സും പുറപ്പെടുവിക്കുന്ന സംവേദനം. അത് രോഗവുമായുള്ള സംവേദനമാണ്. രോഗത്തെ തോല്പിക്കാൻ ശരീരം ചെയ്യുന്ന സംവേദനം. അതിലൂടെ ഇളം മഞ്ഞയും ചുകപ്പും നീലയും തവിട്ടും കറുപ്പും ചാരയും പച്ചയായി മാറുന്നു. ‘ആത്മഗീത’യിൽ ഒളിപ്പിച്ചിരുന്ന രോഗാതുരതയെ സെൽഫ് ക്വാറന്റീനിലൂടെ പച്ചയായി മാറ്റുന്നു. ഈ പച്ചപ്പ് പഴയ കാലത്തെപ്പോലും തിരിച്ചറിയാൻ കഴിയുംവിധം ആത്മവിചാരണയ്ക്കുകൂടി ഉതകുന്നതാണ്. അവിടെയാണ് എന്താണ് ജീവിതമെന്ന സംവേദനത്തിന് കുറെക്കൂടി വ്യക്തത കിട്ടുക. അത് രോഗാതുരമാണെന്ന് അറിയുന്നതിന്റെ ആത്മസംഘർഷവുമാണ്. കാത്‌ലീൻ ഫെറിയർ എന്ന ഗായിക, എന്താണ് ജീവിതമെന്ന് മരണാസിരകളോട് ചോദിക്കുന്നതു അതു കൊണ്ടാണ്. ജീവിതാസക്തി എതൊരാളേയും അവസാന നിമിഷം വരെ പിൻതുടരുമെന്ന് അവർ നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ആസക്തിയുടെ അങ്ങേത്തല വരെ പോകുന്ന വാസവദത്ത ഇതിന് മറ്റൊരുദാഹരണമാണ്. അതാണ് പച്ചപ്പ്. ഉപഗുപ്തന്റെ മനസ്സിൽ നിന്ന് രോഗാതുരത ഒഴിവാകുന്നതും, വാസവദത്തയുടെ പ്രണയമെന്ന രോഗാതുരതയ്ക്കു കാരണവും ഈ പച്ചപ്പാണ്. അങ്ങനെ ജീവിതത്തിൽ പച്ച ആനന്ദത്തിന്റെയും ദുരന്തത്തിന്റെയും പ്രതീകമായി മാറുന്നു. എങ്കിലും ഉപഗുപ്തൻ അവർ ആഗ്രഹിക്കുന്ന നേരത്ത് എത്തിയിരുന്നെങ്കിൽ അവരിൽ ഉപഗുപ്തനെന്ന സംവേദനം പച്ചയായി നിലനില്ക്കില്ലായിരുന്നു. ഈ ഭാവ ശക്തിയാണ് വായനക്കാരിലെത്തുന്നത്. പച്ച ഇല്ലെന്നു പറയുമ്പോഴും പച്ചയുണ്ടെന്ന് അറിയുന്നതും ഈ ഭാവ ശക്തിയാണ്. ഇത് ആന്തരിക സംവേദനവുമാണ്. ഇവ രണ്ടും കൂടി സംയോജിപ്പിച്ചാണ് സച്ചിദാനന്ദൻ ഈ കവിത അവതരിപ്പിക്കുന്നത്. അതുകൊണ്ടാണ് ജീവിതം എന്ന സൂക്ഷ്മ യാഥാർത്ഥ്യത്തെ അവതരിപ്പിക്കേണ്ടി വരുന്നത്. അത് പക്ഷേ, ഇല്ലാതായിരിക്കുന്നു.

ആ ഇല്ലായ്മ രോഗാതുര ഘട്ടങ്ങളിൽ സംഭവിക്കാറുണ്ട്. ഭാവ ശക്തി ജീവിതത്തോട് ഏറ്റവും അടുക്കാൻ ശ്രമിക്കുന്ന സാഹചര്യമാണ് രോഗാവസ്ഥ. കാസ്ട്രഷൻ പോലെയാണ്. എന്നാൽ രോഗവസ്ഥയിൽ കാസ്ട്രഷനു വിപരീതമായി ആനന്ദ നിർവൃതിയ്ക്ക് ശ്രമിക്കാറുണ്ട്. സന്യസ്ഥതയിൽ നിന്ന് കാമനാമനുഷ്യനിലേയ്ക്കുള്ള വരവ് എന്നതിനെ പറയാം. ഇത് മരണത്തിനു മുൻപുള്ള നിമിഷം വരെ സംഭവിക്കാറുണ്ട്. ചൈനീസ്-അമേരിക്കൻ കവിയായ മരിലിൻ ചിൻ ഇതു പോലെ ‘ഹോസ്പിറ്റൽ ഇൻ ഓറിഗോണി’ൽ ചിന്തിക്കുന്നുണ്ട്. ഈ കവിതയിൽ മോർഫിൻ നൽകിയിരിക്കുന്ന മുത്തശ്ശിയാണ് ഇത്തരം കാമനയിലെത്തുന്നത്. ചിൻ അവളുടെ കവിതയിൽ സംവേദനത്തിലെ പച്ചയെ സ്വന്തം ജീവിതത്തിലെ നല്ല കാലമായി കാണുന്നു. മരണം സംഭവിക്കാം. എന്നാൽ മറവിയിലേയ്ക്കു പോകാൻ ആരുടെയും കാമന ആഗ്രഹിക്കുന്നില്ലെന്നിത് വെളിപ്പെടുത്തുന്നു. ഇതു പോലെ എലിസബത്ത് ബിഷപ്പിന്റെ ‘വൺ ആർട്ട്’ എന്ന കവിതയും ചിന്തിക്കുന്നുണ്ട്. നഷ്ടമാകമ്പോളുണ്ടാകുന്ന പച്ചപ്പിനെക്കുറിച്ചുള്ള ഓർമ്മയായിട്ടാണ് വെളിപ്പെടുന്നത്. അത് ജീവിതം രൂപപ്പെടുത്തുന്ന ആലങ്കാരികതയാണെന്ന് നാമൊരിക്കലും ഓർക്കില്ല. പക്ഷേ, അതൊരു ആലങ്കാരികതയാണ്. ആ ആലങ്കാരികതയുടെ ഭാവ ശക്തിയാണ് ജീവിതത്തെ സംവേദനക്ഷമമാക്കുന്നത്.

സച്ചിദാനന്ദന്റെ എഴുപതെന്ന കവിതയിൽ ‘വഴി താണ്ടാൻ, വേണ്ടാ എനിക്കു മോക്ഷം’ എന്ന് സ്വയം സംവേദനക്ഷമമാകുന്നുണ്ട്. മുന്നോട്ടു പോകാണ് ഏതൊരു ജീവിയുടേയും ചിന്ത. അത് ചിലപ്പോൾ നിഷേധമെന്ന രീതിയിൽ വരാം. എങ്കിലും ആ നിഷേധത്തിൽ, ഭവ ശക്തിയും ഭാവ ശക്തിയും മുന്നോട്ടെന്ന് സ്വകാര്യമായി പറയുന്നത് കാണാൻ കഴിയും. സമൂഹയന്ത്രം പ്രവർത്തിപ്പിക്കാനുള്ള നിർമ്മിതികാരന്റെ ദർശനം കൂടിയാണിത്. ഇതാണ് കലാനിർമ്മിതി സമൂഹത്തിനു നൽകുന്നത്. അല്ലാതെ ആ നിർമ്മിതിയിലെ പ്രത്യക്ഷത്തിലുള്ള ആകർഷണ വാക്യങ്ങളോ ആകർഷണങ്ങളോ അല്ല. അതിന്റെ അടിത്തട്ടിലുള്ള ജിജ്ഞാസയാണ്. ആകർഷണ വാക്യങ്ങളോ ആകർഷണങ്ങളോ ആയിരുന്നെങ്കിൽ ലോകത്ത് ഒരൊറ്റ ഉല്പന്നമോ ഒരൊറ്റ ആശയമോ മാത്രമേ മുന്നേറുമായിരുന്നുള്ളൂ. മറിച്ച് അതിനെ തന്നെ മറികടക്കുന്ന അടിത്തട്ടിലുള്ള ജിജ്ഞാസയിലെ റൈസോമാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്. അതിന് എവിടേയും മുറിയാനും അവിടന്ന് കിളിർക്കാനുമുള്ള ശേഷിയുണ്ട്. അതുകൊണ്ടാണ് ഇല്ലാത്ത പച്ച തളിർക്കുന്നത്. ആകുലതകളിൽ ജീവിതം കണ്ടെത്തുന്നത്.

‘ഇരുളിന്റെ അറകളിൽ നിന്ന് ഓർമ്മ എടുക്കുക’ (സഫലമീ യാത്ര) എന്ന് എൻ. എൻ. കക്കാട് ജീവിതത്തോട് പറയുന്നത് ജീവിതത്തിന് മറ്റൊരു സഫലതയുണ്ടെന്ന് മനസ്സിലാക്കുന്നതുകൊണ്ടാണ്. ജനലിനപ്പുറത്ത് അന്തർഗാമിയായ ജീവിതമുണ്ട്. അത് പ്രപഞ്ചത്തെ അറിയുന്നതും തന്നിലെ തളിർപ്പുകളെ വികസിപ്പിക്കുന്നതുമാണ്. വേദനകളെ വസന്തമാക്കുവാൻ അതിനാകും. ‘നിഴലുകളുടെ ലോകത്ത് നിഴലുകളെക്കുറിച്ച് നിഴലുകളുടെ ഭാഷയിൽ എഴുതി കവിത ചൊല്ലാൻ’ കഴിയുന്നത് വേദനകൾ, വേദനകൾ മാത്രമല്ലെന്ന് അറിയുന്നതിനാലാണ്. ഒരാവിഷ്കാരത്തിന് ദുരന്തത്തെ മാത്രമല്ല സംവേദിപ്പിക്കാനാവുന്നത്. അത് വിടർത്തുന്ന അനുഭൂതിയുടെ വസന്തമുകുളങ്ങളെക്കൂടി പുറത്തെടുക്കാനാവും. അതുകൊണ്ടാണ് നിഴലുകളുടെ ലോകത്തു പോലും നിർമ്മിതി നടത്താൻ കഴിയുന്നത്. അതുകൊണ്ടാണ് സച്ചിദാനന്ദൻ ഈ കവിതയിൽ അദൃശ്യമായി പച്ച കാണുന്നതും സംവേദനത്തിനായി വിട്ടു നൽകുന്നതും. സ്വന്തം ശരീരത്തിലുണ്ടായ ക്യാൻസറിനെ കലാനിർമ്മിതിയാക്കി ട്രേസി എമിൻ ആവിഷ്കരിച്ചതും അതിനാലാണ്. ഒരു ബോഡി പെർഫോമൻസിനേക്കാൾ നമുക്കത് അനുഭവിക്കാനായെങ്കിൽ നിഴലിൽ നിഴലായി ആവിഷ്കരിക്കപ്പെട്ടതിന്റെ സംവേദനം അതിലുണ്ട്. താൻ ദുരന്തമാകുകയും കലാനിർമ്മിതിയായി മാറുകയും ചെയ്യുമ്പോൾ കല മുന്നേറുന്ന ദൂരത്തെയാണു അതു കാട്ടിത്തരുന്നത്. കലയ്ക്ക് രോഗാതുരതയെ അതിജീവിക്കാനാവുമെന്നാണതു പറയുന്നത്. ഇത് അതിവാസത്തിനു ശേഷമുള്ള ശ്രാദ്ധമല്ല. നിരന്തര പ്രവർത്തനമാണ്. എങ്കിൽ മാത്രമേ അതിജീവിക്കാൻ കഴിയൂ. അതിനാൽ ഇല്ല എന്നുള്ളതാണ് ഇവിടെ അതിജീവനത്തിനുള്ള വഴി. ഇല്ല എന്ന സംവേദനമാണ് അതിജീവനത്തെ ഇവിടെ സാദ്ധ്യമാക്കുന്നതും.

അങ്ങനെ അല്ലായിരുന്നെങ്കിൽ സംവേദനം നേരെ തിരിച്ചാകുമായിരുന്നു. അതിനാൽ ‘പച്ച ഇല്ല’ എന്നത് ‘പച്ച’ ഉണ്ടെന്നിടത്തെത്തിക്കുന്നു. ‘സെൽഫ്’ അതിനോടു ചേരുമ്പോൾ അത് അതിജീവനത്തെക്കുറിച്ചുള്ള നിർമ്മിതിയായും മാറുന്നു. യഥാർത്ഥത്തിൽ ഈ കവിത ഈ പേരിലൂടെ അതിന്റെ നിർമ്മിതിയെ തന്നെ മാറ്റിമറിക്കുകയും ചെയ്യുന്നു. അത് ‘പച്ച ഇല്ല’ എന്നാകുകയും സെൽഫ് ക്വാറന്റീൻ ഡയറിയുടെ ഭാഗമാകുകയും ചെയ്തതുകൊണ്ട് സംവേദനം വേറെയായി മാറിയെന്നു മാത്രം. അതിന് ഉടലും തലച്ചോറും ഹൃദയവുമുള്ളതുകൊണ്ട് ബയോജനറ്റിക് ഗ്ലോബലൈസ്ഡ് പവറിനെ (ക്യാപ്പിറ്റലിസം) നേരിടേണ്ടതുമുണ്ട് ‘പച്ച’യായി, പച്ചയുടെ സംവേദനമായി.

□

വി. ആർ. സന്തോഷ്

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇൻഫർമേഷൻ ഓഫീസറായി ജോലി ചെയ്യുന്നു. അഞ്ച് കവിതാ സമാഹാരങ്ങൾ, ഒരു ചിത്രകലാനിരൂപണ ഗ്രന്ഥം, 25 വിവർത്തന പുസ്തകങ്ങൾ.

(പോൾ ക്ലീ ചിത്രങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014